# പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ഡിസംബർ 21, ചൊവ്വ

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2010 ഡിസംബർ **21**-ാം തീയതി ചൊവ്വാഴ്ച രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അനുമോദനം

ജ്ഞാനപീഠ പുരസ്ക്കാരം ലഭിച്ച ശ്രീ. ഒ.എൻ.വി. കുറുപ്പിന് അനുമോദനം

മി. സ്പീക്കർ: മലയാളത്തിന്റെ പ്രിയകവിയും അദ്ധ്യാപകനും ചലച്ചിത്ര-നാടക ഗാനരചയിതാവുമായ ശ്രീ. ഒ.എൻ.വി. കുറുപ്പിന് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ലഭിച്ചതിലുള്ള സന്തോഷത്തിൽ കേരള നിയമസഭ പങ്കുചേരുകയും അദ്ദേഹത്തിന്റെ നേട്ടത്തിൽ ഹാർദ്ദമായി അഭിനന്ദിക്കുകയും ചെയ്യുന്നു.

## ചെയർമാന്മാരുടെ പാനൽ

ശ്രീമതി പി. അയിഷാപോറ്റി, ശ്രീ എൻ.രാജൻ, ശ്രീ. കെ.കെ. ഷാജു എന്നീ അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാറാം സമ്മേളന കാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## അടിയന്തിരപ്രമേയം

നിയമനത്തട്ടിപ്പ്

മി. സ്പീക്കർ: സംസ്ഥാനത്ത് റവന്യൂ വകുപ്പിലേയും കമ്മീഷണറേറ്റിലേയും അതിപ്രധാന സ്ഥാനങ്ങൾ കൈക്കലാക്കിയും പി.എസ്.സി.യെ മറയാക്കിയും ചില വകുപ്പുകളിൽ പി.എസ്.സി.യെത്തന്നെ ഒഴിവാക്കിയും നടത്തുന്നതായി പറയപ്പെടുന്ന നിയമനത്തട്ടിപ്പിനെത്തുടർന്ന് ഉളവായ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. ടി. അഹമ്മദ് അലി, പി.സി. ജോർജ്, കെ.പി. മോഹനൻ, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): നക്ഷത്ര ചിഹ്നമിട്ട 2-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയിലൂടെ വിശദീകരണം നൽകിയിട്ടുള്ളതി നാൽ ഈ അടിയന്തിരപ്രമേയത്തിന് യാതൊരു പ്രസക്തിയും ഇല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സംസ്ഥാനത്ത് നടക്കുന്ന നിയമന തട്ടിപ്പിനെ സാധൂകരിക്കുന്ന വിധത്തിലുള്ള മറുപടി പ്രതിഷേധാർഹമാണ്. പി.എസ്.സി. നിയമനം കിട്ടുന്നവരുടെ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് അവർ നേരിട്ടാണ് ഹാജരാക്കുന്നത് എന്ന് ബഹുമാനപ്പെട്ട

ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞത് അപലപനീയമാണ് വയനാട് കളക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് 'എ' സെക്ഷനിലെ അഭിലാഷ് പിള്ളയെ തിരുവനന്തപുരത്തേയ്ക്ക് സ്ഥലംമാറ്റിക്കൊണ്ടുള്ള ഓർഡർ പ്രാവർത്തിക മാക്കാത്തതിന് ഉത്തരവാദി ആരാണെന്ന് അന്വേഷിക്കണം. നിയമനത്തട്ടിപ്പിന്റെ ഇടനിലക്കാരെക്കൂടി പിടികൂടാൻ നടപടി സ്വീകരിക്കണം. അനുവദിച്ച സൂപ്പർന്യൂമററി പോസ്റ്റുകളിലുള്ളതിനെക്കാൾ കൂടുതൽ ആളുകൾ ശമ്പളം വാങ്ങിയിട്ടുണ്ടോ എന്ന് അന്വേഷണം നടത്തി കണ്ടെത്താൻ സാധിക്കാത്തത് ധനകാര്യ വകുപ്പിന്റെ വീഴ്ചയാണ്. വ്യാജ രേഖകൾ നൽകി ജോലി സമ്പാദിച്ചവരുടേയും ഇതിന് ഒത്താശ ചെയ്തവരു ടേയും പേരിൽ കർശന ശിക്ഷാനടപടികൾ സ്വീകരിക്കണം. നിയമനത്തട്ടി പ്പുമായി ബന്ധപ്പെട്ട് നെല്ലിയാമ്പതി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉന്നയിച്ച പരാതിയിന്മേൽ ഒരു നടപടിയും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, ആരോ പണവിധേയനായ വ്യക്തിയുടെ സർവ്വീസ് റെഗുലറൈസ് ചെയ്തു കൊടു ത്തിരിക്കുകയാണ്. സംസ്ഥാനത്ത് വ്യാപകമായ നിലയിൽ നിയമനത്തട്ടിപ്പ് നടക്കുന്നു. പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നവർപോലും വ്യാജ നിയമ നവും പ്രൊമോഷനും സംഘടിപ്പിക്കുന്നു. പി.എസ്.സി.യെ മറികടന്ന് റവന്യൂ വകുപ്പിൽ നടന്ന നിയമനത്തട്ടിപ്പിനെക്കുറിച്ച് മന്ത്രിയെ മാറ്റിനിർത്തി ജൂഡീഷ്യൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഈ വിഷയത്തെക്കുറിച്ച് ഇന്നത്തെ ചോദ്യോത്തരവേളയിൽ വ്യക്തവും വിശദവുമായി മറുപടി

നൽകിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : വയനാട് ജില്ലാ കളക്ടറേറ്റിൽ ഇത്തരം നിയമനത്തട്ടിപ്പ് വ്യാപകമായി നടക്കുന്നു എന്ന് പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ അന്വേഷണം നടത്തി നിയമനത്തട്ടിപ്പ് പുറത്തുകൊണ്ടു വരികയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട് തട്ടിപ്പ് നടന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ അന്വേഷണം നടത്തി ജില്ലാ കളക്ടർ ഉൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. പോലീസ് വെരിഫിക്കേഷന്റേതുൾപ്പെടെ പ്രതികൾ ഹാജരാക്കിയിട്ടുള്ള രേഖകൾ കൃത്രിമമായി തയ്യാറാക്കിയതിനെക്കുറിച്ച് ക്രൈംബ്രാഞ്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. തട്ടിപ്പ് നടത്തിയവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു. സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ബഹളം തുടർന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയിലെ അടുത്ത നടപടികളിലേയ്ക്ക് കടന്നു.)

## ശ്രദ്ധക്ഷണിക്കൽ

(ശ്രീ. സി.പി. മുഹമ്മദ് നോട്ടീസ് നൽകിയിരുന്ന ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ: പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവുകൊണ്ട് സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കീർത്തി പരേഖ് കമ്മിറ്റി ശുപാർശ പ്രകാരം വില നിയന്ത്രണം എടുത്തുകളഞ്ഞശേഷം ലോക വിപണിയിലെ വിലനിലവാരം പറഞ്ഞ് എണ്ണക്കമ്പനികൾ പെട്രോളിന് നിരന്തരം വില വർദ്ധിപ്പിക്കുകയാണ്. ഡീസലിന്റെ വില നിയന്ത്രണവും എടുത്തുകളയാൻ നീക്കം നടക്കുന്നതായാണ് അറിയുന്നത്. അടിക്കടിയുള്ള പെട്രോൾ വിലവർദ്ധന നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന രൂക്ഷമാക്കിയിരിക്കുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രണം പുന:സ്ഥാപിക്കുകയും കഴിഞ്ഞ മാർച്ചിലെ നിലവാരത്തിലേയ്ക്ക് വില നിജപ്പെടുത്തുകയും ചെയ്യണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുന്നത്. സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കാൻ ശക്തമായ വിപണി ഇടപെടൽ നടപടികൾ സ്വീകരിക്കുകയും സപ്ലൈകോയും കൺസ്യൂമർഫെഡും വഴി ആയിരക്കണക്കിന് വിതരണ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

2010-ലെ കേരള പോലീസ് ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2010 ഡിസംബർ 21-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

## റിപ്പോർട്ട് സമർപ്പണം

2010-ലെ കേരള പോലീസ് ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

(1) **<u>2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ</u>**

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്ര ങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ:</u> ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്ര

ങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ.കെ. ലതിക: 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-2-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) **2010-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ**

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

2010 -ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 10.20-ന് പിരിഞ്ഞു.